**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2153** **20-01-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. എൻ. ഷംസീർ | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനു ശേഷം തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ സമഗ്ര വികസനത്തിന് വേണ്ടി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന തിന് ശേഷം തലശ്ശേരി ജനറൽ ആശു പത്രിയുടെ സമഗ്ര വികസനത്തിന് വേണ്ടി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാം ശങ്ങൾ ചുവടെ ചേർക്കുന്നു. 1. നവീകരിച്ച പുരുഷൻമാരുടെ വാർഡ്, എം.എസ് വാർഡ്, ഗൈനക്കോളജി വാർ ഡ് എന്നിവ 24 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. 2. 40 ലക്ഷം രൂപ ചെലവിൽ അത്യാ ധുനിക എം.ഐ.സി.യു പൂർത്തീ കരിച്ചു. 3. 110 ലക്ഷം രൂപ ചെലവിൽ ആർദ്രം പദ്ധതി പ്രകാരം ഒ.പി നവീകരണം പൂർ ത്തീകരിച്ചു 4. 20 ലക്ഷം രൂപ ചെലവിൽ SNCU നിർമ്മാണം പൂർത്തീകരിച്ചു. 5. 40 ലക്ഷം രൂപ ചെലവിൽ ഓക്സിജൻ ജനറേറ്റർ സ്ഥാപിച്ചു. 6. 8.6 ലക്ഷം രൂപ ചെലവിൽ സബ് സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ചു. 7. 13.2 ലക്ഷം രൂപ ചെലവിൽ ഓപ്പറേഷൻ തീയേറ്റർ വെയ്റ്റിംഗ് ഏരിയ നിർമ്മാണം പൂർത്തീകരിച്ചു. 8. 98 ലക്ഷം രൂപ ലക്ഷ്യ പദ്ധതിപ്രകാരം അനുവദിക്കുകയും അതിൽ നിന്നും 46 ലക്ഷം രൂപ ചെലവഴിച്ച് ലാബ് നവീക രിച്ചു. ബാക്കിയുള്ള 52 ലക്ഷം രൂപയ്ക്ക് ലേബർ റൂമിന്റെ നവീകരണത്തിനുള്ള നട പടികൾ സ്വീകരിച്ചിട്ടുണ്ട്. 9. 15.6 ലക്ഷം രൂപ ചെലവിൽ വാർഡു കളിൽ സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സപ്ലൈ പൂർത്തീകരിച്ചു. 10. 149 ലക്ഷം രൂപ ചെലവഴിച്ച് ഓപ്പറേ ഷൻ തീയേറ്റർ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 90% നിർമ്മാണ പ്രവർ ത്തനങ്ങൾ പൂർത്തിയായി. 11. 110 ലക്ഷം രൂപ ചെലവിൽ സ്വീവേജ് ട്രീറ്റ്മെന്റ് നിർമ്മാണം പുരോഗമിക്കുന്നു. 12. ഒഫ്ത്താൽമിക് ഇൻസ്റ്റിറ്റ്യൂട്ടിന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡി.പി.ആർ തയ്യാ റാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ